ടി.കെ ഉബൈദ്

1209

സൂറ - 44

# അദ്ദുഖാൻ

**സൂക്തം 10-16**

▼

ഖുറൈശികൾ ഉന്മൂലനാശത്തിന് വിധേയരാവുകയുണ്ടായില്ല. ക്ഷാമത്തിനുശേഷം ബദ്ർ, ഖൻദഖ് പോലുള്ള യുദ്ധങ്ങളിലെ പരാജയവും അവരിൽ കുറേശ്ശ പരിവർത്തനമുണ്ടാക്കി. ഒടുവിൽ മക്കാവിമോചനത്തോടു കൂടി അവരെല്ലാവരും മുസ്‌ലിംകളായിത്തീരുകയായിരുന്നു.

فَٱرۡتَقِبۡ يَوۡمَ تَأۡتِي ٱلسَّمَآءُ بِدُخَانٖ مُّبِينٖ ﴿١٠﴾ يَغۡشَى ٱلنَّاسَۖ هَٰذَا عَذَابٌ أَلِيمٞ ﴿١١﴾
رَّبَّنَا ٱكۡشِفۡ عَنَّا ٱلۡعَذَابَ إِنَّا مُؤۡمِنُونَ ﴿١٢﴾ أَنَّىٰ لَهُمُ ٱلذِّكۡرَىٰ وَقَدۡ جَآءَهُمۡ رَسُولٞ مُّبِينٞ ﴿١٣﴾
ثُمَّ تَوَلَّوۡاْ عَنۡهُ وَقَالُواْ مُعَلَّمٞ مَّجۡنُونٌ ﴿١٤﴾ إِنَّا كَاشِفُواْ ٱلۡعَذَابِ قَلِيلًاۚ إِنَّكُمۡ عَآئِدُونَ ﴿١٥﴾
يَوۡمَ نَبۡطِشُ ٱلۡبَطۡشَةَ ٱلۡكُبۡرَىٰٓ إِنَّا مُنتَقِمُونَ ﴿١٦﴾

*10*
*ഇനി പ്രവാചകൻ കാത്തിരുന്നുകൊള്ളുക; മാനം തികച്ചും ധൂമാവൃതമാകുന്ന ദിവസം.*

*11*
*അത് ജനത്തെയാകെ മൂടിക്കളയും. അപ്പോഴവർ വിലപിക്കും: ഇതു കൊടിയ പീഡനം തന്നെ.*

*12*
*നാഥാ ഈ പീഡനം ഞങ്ങളിൽ നിന്നകറ്റേണമേ, ഞങ്ങൾ സത്യവിശ്വാസികളായിക്കൊള്ളാം.*

*13*
*ഇപ്പോഴവർക്കു ബോധം വന്നിട്ടെന്തു കാര്യം?! അവരിൽ തെളിഞ്ഞ ദൈവദൂതൻ ചെന്നിട്ടുണ്ടായിരുന്നുവല്ലോ.*

*14*
*എന്നിട്ട് അവരദ്ദേഹത്തെ അവഗണിച്ചു പുറംതിരിയുകയായിരുന്നു. ഇവൻ പഠിപ്പിക്കപ്പെട്ട ഭ്രാന്തൻ എന്നു പുച്ഛരിക്കുകയും ചെയ്തു.*

*15*
*നാം ഈ പീഡ കുറേശ്ശയായി നീക്കിത്തരുന്നതാകുന്നു. പക്ഷേ, പിന്നെയും നിങ്ങൾ പൂർവ നടപടി തന്നെ ആവർത്തിക്കും.*

*16*
*നാം കൊടും പിടിത്തം പിടിക്കുന്ന നാളിലായിരിക്കും തിരിച്ചടിക്കുന്നത്.*

| | |
|---|---|
| (ഇനി) നീ (പ്രവാചകൻ) കാത്തിരുന്നുകൊള്ളുക | فَارْتَقِبْ |
| മാനം വ്യക്തമായ പുകയും കൊണ്ടുവരുന്ന(തിക ച്ചും ധൂമാവൃതമാകുന്ന) ദിവസം | يَوْمَ تَأْتِي السَّمَاءُ بِدُخَانٍ مُّبِينٍ |
| അതു മൂടും(ടിക്കളയും) | يَغْشَى |
| ജനത്തെ(യാകെ) | النَّاسَ ۖ |
| (അപ്പോൾ അവർ വിലപിക്കും) ഇതു കൊടിയ പീഡനം(തന്നെ) | هَٰذَا عَذَابٌ أَلِيمٌ |
| നാഥാ, ഞങ്ങളിൽനിന്നു അകറ്റേണമേ | رَّبَّنَا اكْشِفْ عَنَّا |
| ഈ പീഡ, ശിക്ഷ | الْعَذَابَ |
| തീർച്ചയായും ഞങ്ങൾ സത്യവിശ്വാസികൾ ആ(യി ക്കൊള്ളാം)കുന്നു | إِنَّا مُؤْمِنُونَ |
| അവർക്ക് ഓർമ എവിടന്ന്? (ഇപ്പോഴവർക്ക് ബോധം വന്നിട്ടെന്തു കാര്യം?) | أَنَّىٰ لَهُمُ الذِّكْرَىٰ |
| അവരിൽ ചെന്നിട്ടുണ്ടായിരുന്നു | وَقَدْ جَاءَهُمْ |
| തെളിഞ്ഞ ദൈവദൂതൻ | رَسُولٌ مُّبِينٌ |
| പിന്നെ(എന്നിട്ട്) അവർ അദ്ദേഹത്തെ (അവഗണിച്ചു പുറം) തിരിയുകയായിരുന്നു | ثُمَّ تَوَلَّوْا عَنْهُ |
| അവർ പറഞ്ഞു (പുഛിക്കുകയും ചെയ്തു) | وَقَالُوا |
| പഠിപ്പിക്കപ്പെട്ട ഭ്രാന്തൻ | مُعَلَّمٌ مَّجْنُونٌ |
| നാം ഈ പീഡ നീക്കിക്കൊടുക്കുന്നതാകുന്നു | إِنَّا كَاشِفُوا الْعَذَابِ |
| കുറച്ചായിട്ട് (കുറേശ്ശ) | قَلِيلًا ۚ |
| തീർച്ചയായും നിങ്ങൾ മടങ്ങുന്നവരാകുന്നു (പക്ഷേ, പിന്നെയും നിങ്ങൾ പൂർവ നടപടി തന്നെ ആവർത്തിക്കും) | إِنَّكُمْ عَائِدُونَ |
| നാം പിടിക്കുന്ന, പ്രഹരിക്കുന്ന ദിവസം (ആയിരിക്കും) | يَوْمَ نَبْطِشُ |
| കൊടുംപിടിത്തം, മഹാപ്രഹരം | الْبَطْشَةَ الْكُبْرَىٰ |
| നാം പ്രതികാരം ചെയ്യുന്നവനാകുന്നു (നിങ്ങളെ തിരിച്ചടിക്കുന്നത്) | إِنَّا مُنتَقِمُونَ |

**മേഘാവൃതമാകുന്ന മാനം ക്ഷാമത്തിന്റെ രൂപകമാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. കടുത്ത വരൾച്ചയെത്തുടർന്നാണല്ലോ ക്ഷാമമുണ്ടാവുക. അപ്പോൾ ഭൂമിയിൽനിന്ന് സദാ പൊടിപടലങ്ങളുയർന്നു കൊണ്ടിരിക്കും.**

ആദികാലം മുതലേ മുഫസ്സിറുകൾ വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ നൽകിയിട്ടുള്ള സൂക്തങ്ങളാണിവ. പ്രമുഖ പ്രവാചക ശിഷ്യൻ അബ്ദുല്ലാഹിബ്നു മസ്ഊദിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന വ്യാഖ്യാനത്തിന്റെ സംഗ്രഹം ഇതാണ്: ഖുറൈശികളുടെ ഇസ്‌ലാം വിരോധം ശക്തമായിക്കൊണ്ടിരുന്ന സാഹചര്യത്തിൽ ഒരിക്കൽ പ്രവാചകൻ പ്രാർഥിച്ചു: "നാഥാ, യൂസുഫ് നബിയുടെ കാലത്ത് ഈജിപ്തിലുണ്ടായതു പോലൊരു ക്ഷാമകാലം കൊണ്ട് ഈ ഖുറൈശികളെ പരീക്ഷിച്ച് എന്നെ സഹായിക്കേണമേ!" ക്ഷാമം ദുസ്സഹമാകുമ്പോൾ ആളുകൾ അല്ലാഹുവിനെ ഭയപ്പെടുകയും സത്യ-ധർമങ്ങൾ കൈക്കൊള്ളാൻ തയാറാവുകയും ചെയ്യുമെന്ന് തിരുമേനി ആശിച്ചു. അങ്ങനെ രൂക്ഷമായ ക്ഷാമം വന്നു. ആളുകൾ എല്ലും തോലും രോമവും ശവവും വരെ തിന്നാൻ തുടങ്ങി. വിശന്നുവലഞ്ഞവർ മേലോട്ട് നോക്കിയാൽ മാനത്ത് പുക നിറഞ്ഞതായി തോന്നുമായിരുന്നു. ഈ അവസരത്തിൽ അബൂ സുഫ്

യാൻ പ്രവാചകനെ സന്ദർശിച്ച് അപേക്ഷിച്ചു: "താങ്കൾ കുടുംബ മൈത്രിയുടെ പവിത്രത പ്രബോധനം ചെയ്യുന്നുണ്ടല്ലോ. താങ്കളുടെ സമുദായം ഇതാ വിശന്നു മരിച്ചുകൊണ്ടിരിക്കുന്നു. ഈ വിപത്ത് നീക്കിത്തരേണമെന്ന് താങ്കൾ അല്ലാഹുവിനോടു പ്രാർഥിച്ചാലും." പ്രവാചകൻ അവർക്കുവേണ്ടി പ്രാർഥിച്ചു. നാഥാ ഈ ദുരിതം നീക്കിത്തരികയാണെങ്കിൽ ഞങ്ങൾ സത്യ-ധർമങ്ങൾ കൈക്കൊള്ളുന്നവരാവും എന്ന് ജനങ്ങളും പ്രാർഥിച്ചുകൊണ്ടിരുന്നു. ദുരിതം മാറാൻ തുടങ്ങിയപ്പോൾ അവർ വാക്കുമാറി. ഈ സംഭവത്തെക്കുറിച്ചാണ് ഈ സൂക്തങ്ങളവതരിച്ചത്.

പ്രമുഖരായ അലി, ഇബ്നു ഉമർ, ഇബ്നു അബ്ബാസ്(റ) തുടങ്ങിയ നിരവധി സ്വഹാബിവര്യന്മാരിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന മറ്റൊരു വ്യാഖ്യാനം ഇങ്ങനെ: ഈ സൂക്തങ്ങളിൽ പറയുന്ന കാര്യങ്ങളെല്ലാം ലോകാവസാനം ആസന്നമാകുമ്പോൾ സംഭവിക്കുന്നതാണ്. അക്കാലത്ത് ഭൂമിയിൽ പരക്കുന്നതാണ് ഇതിൽ പരാമർശിക്കുന്ന പുക. ഖിയാമത്തിന്റെ അടയാളമായി മഹാ ധൂമം പ്രത്യക്ഷപ്പെടുമെന്ന് നബി(സ) പ്രസ്താവിച്ചതായി ഹുദൈഫതുബ്നു അസ്‌യദുൽ ഗിഫാരി ഉദ്ധരിച്ചിരിക്കുന്നു.

ഈ രണ്ടു നിവേദനങ്ങളെയും സമന്വയിപ്പിച്ചുകൊണ്ടും രണ്ടു നിവേദനങ്ങളെയും മാറ്റിനിർത്തിക്കൊണ്ടും പല ആധുനിക പണ്ഡിതന്മാരും വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ നൽകിയിരിക്കുന്നു. ഇബ്നു മസ്ഊദ് നിവേദനം ചെയ്തതു പോലെ, നബി(സ) ഖുറൈശികളെ പരീക്ഷണത്തിലകപ്പെടുത്താൻ അല്ലാഹുവിനോടു പ്രാർഥിച്ചതും, പ്രവാചകന്റെ പ്രാർഥനയെത്തുടർന്ന് ഖുറൈശികൾ കൊടിയ ക്ഷാമത്തിലകപ്പെട്ടതും അബൂ സുഫ്‌യാന്റെ അഭ്യർഥന മാനിച്ച് ആ ദുരിതം മാറാൻ പ്രവാചകൻ പ്രാർഥിച്ചതും അങ്ങനെ അതു മാറിയതുമൊക്കെ ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നു. പക്ഷേ, ആകാശം മേഘാവൃതമാകുന്ന ദിവസത്തെക്കുറിച്ചുള്ള പരാമർശം ആ സംഭവവുമായി ബന്ധപ്പെട്ടതല്ല. ലോകാവസാനത്തിന്റെ ലക്ഷണമാണത്. ഈ സൂക്തങ്ങൾ പറയുന്നതിതാണ്: പ്രവാചകൻ യാഥാർഥ്യങ്ങൾ സുവ്യക്തമായി ഉദ്ബോധിപ്പിക്കുകയും പ്രവാചകൻ ആവശ്യപ്പെട്ട പ്രകാരം അല്ലാഹു അവരെ ക്ഷാമംകൊണ്ട് പരീക്ഷിക്കുകയും പ്രവാചകന്റെ തന്നെ പ്രാർഥന സ്വീകരിച്ച് അവരിൽനിന്ന് അത് നീക്കിക്കളയുകയുമൊക്കെ ചെയ്തിട്ടും ഇക്കൂട്ടർ സത്യനിഷേധത്തിലും ദൈവധിക്കാരത്തിലും തന്നെ തുടരുകയാണെങ്കിൽ അവരുടെ കാര്യത്തിൽ പ്രവാചകന്റെ ചുമതല അവസാനിച്ചിരിക്കുന്നു. ഇനി അന്ത്യനാൾ കാത്തിരിക്കുകയല്ലാതെ ഒന്നും ചെയ്യാനില്ല. അന്ന് മാനത്ത് പുക നിറയുകയും ജനം ആ പുകയാൽ മൂടപ്പെടുകയും ചെയ്യുമ്പോൾ ഇതൊരു മഹാ ദുരിതമാണല്ലോ എന്ന് നിലവിളിച്ചുകൊണ്ടിരിക്കും. നാഥാ, ഈ ദുരിതം അകറ്റിത്തന്നാൽ സത്യ-ധർമങ്ങൾ സ്വീകരിച്ചനുസരിച്ചു കൊള്ളാമെന്ന് കേഴുകയും ചെയ്യും. പക്ഷേ, അതുകൊണ്ട് ഒരു പ്രയോജനവുമുണ്ടാവില്ല. അവർക്ക് സത്യ-ധർമങ്ങൾ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യാൻ കഴിയുന്ന കാലം കഴിഞ്ഞുപോയി. അന്ന് യാഥാർഥ്യങ്ങൾ വ്യക്തമായി വിശദീകരിച്ചു കൊടുത്തുകൊണ്ട് അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുന്ന ദൈവദൂതൻ അവരിൽ ചെന്നിട്ടുണ്ടായിരുന്നു. رَسُولٌ مُّبِينٌ - തെളിഞ്ഞ ദൈവദൂതൻ- എന്നാണ് മൂലവാക്യം. ദൈവിക സന്ദേശം തെളിവുകളും ന്യായങ്ങളും ബോധ്യപ്പെടുത്തി പ്രബോധനം ചെയ്യുന്ന ദൈവദൂതൻ എന്നാണ് അതിന്റെ ഒരാശയം. ശുദ്ധവും സംസ്കൃതവുമായ ജീവിത ചര്യകൾ കൊണ്ടും സ്വഭാവ മഹിമ കൊണ്ടും താൻ പ്രവാചകൻ തന്നെ എന്ന് തെളിയിച്ചുകൊടുത്ത ദൈവദൂതൻ എന്നാണ് മറ്റൊരാശയം.

ഇപ്പറഞ്ഞത് സത്യനിഷേധത്തിൽ ശഠിച്ചു നിന്ന എല്ലാ പ്രബോധിത സമൂഹങ്ങളെയും കുറിച്ചാണ്. ഇനി പറയുന്നത് ഖുറൈശി നിഷേധികളെക്കുറിച്ചാണ്.

ഖുറൈശികളേ, നിങ്ങളും ആ ദൈവദൂതനെ അവഗണിച്ചു പുറംതിരിഞ്ഞു നടക്കുകയാണ്. ആരോ പിരികേറ്റി വിട്ട ഭ്രാന്തൻ എന്ന് പുഛിക്കുകയും ചെയ്യുന്നു. مُعَلَّمٌ مَّجْنُونٌ പഠിപ്പിക്കപ്പെട്ട ഭ്രാന്തനാണ്. ആശയമിതാണ്: ഈ ചങ്ങാതി യഥാർഥത്തിൽ ഒരു കിറുക്കനാണ്. ആരൊക്കെയോ അയാളെ കളിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവർ അയാളെ ഓരോരോ ശ്ലോകങ്ങൾ പഠിപ്പിക്കുന്നു. അവ വേദപ്രമാണങ്ങളാണെന്ന് ധരിപ്പിച്ച് നമുക്കിടയിൽ പ്രചരിപ്പിക്കാൻ പറഞ്ഞയക്കുകയാണ്. അങ്ങനെ ആ ഭ്രാന്തൻ നമുക്കിടയിൽ വന്ന് പ്രവാചകവര്യനായി വിലസുകയാണ്; അയാളെ പിരികേറ്റി വിട്ടവർ അതു കണ്ട് രസിക്കുകയും.

**പ്രവാചകൻ മക്കക്കാർക്കെതിരെ പ്രാർഥിച്ചുവെന്നും തന്മൂലമാണ് ക്ഷാമമുണ്ടായതെന്നും പറയുന്ന നിവേദനങ്ങൾ മൗലാനാ അമീൻ അഹ്സനിയെപ്പോലുള്ള പണ്ഡിതന്മാർ അംഗീകരിക്കുന്നില്ല. പ്രവാചകൻ സ്വജനത്തിനെതിരെ പ്രാർഥിച്ചിട്ടില്ല, പ്രാർഥിക്കയില്ല എന്നാണവരുടെ നിലപാട്.**

ചില പണ്ഡിതന്മാർ ഈ വാക്യത്തെ വ്യാഖ്യാനിക്കുന്നതിങ്ങനെ: ചിലർ അയാളെ ആരോ പഠിപ്പിച്ചുവിട്ടതാണെന്നും ചിലർ അയാൾ ഭ്രാന്തനാണെന്നും പറയുന്നു.

إِنَّا كَاشِفُوا الْعَذَابِ قَلِيلًا എന്നു പറയുന്നത് ഖുറൈശികൾക്കേർപ്പെട്ട ദുരിതത്തെക്കുറിച്ചാണെന്ന് إِنَّكُمْ عَائِدُونَ എന്ന വാക്യത്തിൽനിന്ന് സ്പഷ്ടമാകുന്നു. അവരെയാണല്ലോ 'നിങ്ങൾ' എന്നു സംബോധന ചെയ്യുന്നത്. കഴിഞ്ഞുപോയവർക്കോ വരാനിരിക്കുന്നവർക്കോ ആ സംബോധന ചേരില്ല. قَلِيلًا ന്റെ താൽപര്യം കുറേശ്ശയായി, അൽപാൽപമായി എന്നാണ്. അതായത്, ദയാപരനായ അല്ലാഹു നിങ്ങളോടു കനിഞ്ഞ് ഈ ദുരിതം നീക്കിത്തരുന്നതാണ്. നിങ്ങളെ ഈ ദുരിതംകൊണ്ട് ഉന്മൂലനം ചെയ്യാനൊന്നും അവൻ ഉദ്ദേശിച്ചിട്ടില്ല. മഹാ ശിക്ഷക്കു മുമ്പ് ചിലപ്പോൾ അല്ലാഹു ശിക്ഷണപരമായ ചെറിയ ശിക്ഷകൾകൊണ്ട് മനുഷ്യരെ, അല്ലാഹുവിനെക്കുറിച്ചോർക്കാനും അവന്റെ ശാസനകൾ അനുസരിക്കാനും പ്രേരിപ്പിക്കും. ഫറവോനികൾ അത്തരം പല ശിക്ഷകൾക്കും വിധേയരായിരുന്നു. ഓരോ ശിക്ഷ അനുഭവിക്കുമ്പോഴും, അതിൽനിന്ന് മോചനം നൽകണമെന്നർഥിക്കും. മോചിതരായാൽ തങ്ങൾ സത്യ-ധർമങ്ങൾ സ്വീകരിച്ചുകൊള്ളാമെന്നും വാഗ്ദാനം ചെയ്യും. അതിനുവേണ്ടി മൂസാ നബി മുഖേന അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യും. ഓരോ പ്രാവശ്യവും ദുരിതമകലുമ്പോൾ അവർ വാക്കു മാറുകയായി. ഈ ഖുറൈശി ധിക്കാരികളും അതുതന്നെയാണ് ചെയ്യുക. ദുരിതം പൂർണമായി നിർമാർജിതമാകേണ്ട, അൽപാൽപം നീങ്ങിത്തുടങ്ങിയാൽ തന്നെ ഇവർ പഴയ സത്യനിഷേധത്തിലേക്കും അക്രമത്തിലേക്കും മടങ്ങും. എന്നാൽ ശിക്ഷ വരുമ്പോൾ, അതിൽനിന്ന് രക്ഷപ്പെട്ടാൽ പ്രവാചകോപദേശങ്ങളും വേദശാസനകളും സ്വീകരിച്ചുകൊള്ളാമെന്നു വിനീതരായി പ്രാർഥിക്കുന്നവർക്ക് രക്ഷപ്പെടാനും പഴയ നിലപാടിലേക്ക് മടങ്ങാനും അവസരം ലഭിക്കാത്ത മഹാ ശിക്ഷ-**العَذَابُ الاكبر**- വേറെ വരാനുണ്ട്. അതിനെ **يَوْمَ نَبْطِشُ الْبَطْشَةَ الْكُبْرَىٰ** - നാം കൊടും പിടിത്തം പിടിക്കുന്ന ദിവസം- എന്നാണ് ഇവിടെ വിശേഷിപ്പിക്കുന്നത്. നിഷ്ഠുരമായ മഹാപ്രഹരമാണ് ഭാഷയിൽ **بطشة**. രക്ഷപ്പെടാനാവാത്ത വണ്ണം അതിശക്തമായി പിടികൂടുന്നതിനും പറയും. കൊടിയ ധിക്കാരികളായിരുന്ന ഫറവോനികൾ ഒടുവിൽ ഈ കൊടും പിടിത്തത്തിൽ പെട്ടു മുങ്ങിയൊടുങ്ങുകയായിരുന്നു. ആദ്-സമൂദ് ഗോത്രങ്ങളും ലൂത്വ് ജനതയുമൊക്കെ അങ്ങനെ ഉന്മൂലനം ചെയ്യപ്പെട്ടവരാണ്. ഉന്മൂലനാശം വന്നെത്തിയെന്നുറപ്പാകുന്ന ഘട്ടത്തിൽ എല്ലാ ധിക്കാരി സമൂഹങ്ങളും, തങ്ങൾ പ്രവാചകന്മാരെ വിശ്വസിച്ചുകൊള്ളാമെന്നും വേദപ്രമാണങ്ങളനുസരിച്ചു സന്മാർഗികളായി ജീവിച്ചുകൊള്ളാമെ


## WANTED URGENTLY

INVITING APPLICATION FOR ASSESSORS

An educational agency based at Calicut is seeking for dynamic persons who can act as assessors for its newly introduced school assessment system. Candidates having sufficient experience in school teaching/ assessment are expected to apply.

Responsibility of the assessing team is to evaluate the schools associated with the agency based on the assessment framework and submit their report.

The job is not of permanent nature; instead, it will be on demand basis. Those who are employed elsewhere can also apply.

Necessary orientation will be provided to the selected assessors.

Applications to be sent to
**mailvidyacouncil@gmail.com**
before 12/04/2023.



**മഹാ ശിക്ഷക്കു മുമ്പ് ചിലപ്പോൾ അല്ലാഹു ശിക്ഷണപരമായ ചെറിയ ശിക്ഷകൾകൊണ്ട് മനുഷ്യരെ, അല്ലാഹുവിനെക്കുറിച്ചോർക്കാനും അവന്റെ ശാസനകൾ അനുസരിക്കാനും പ്രേരിപ്പിക്കും. ഫറവോനികൾ അത്തരം പല ശിക്ഷകൾക്കും വിധേയരായിരുന്നു.**

മേഘാവൃതമാകുന്ന മാനം ക്ഷാമത്തിന്റെ രൂപകമാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. കടുത്ത വരൾച്ചയെത്തുടർന്നാണല്ലോ ക്ഷാമമുണ്ടാവുക. അപ്പോൾ ഭൂമിയിൽനിന്ന് സദാ പൊടിപടലങ്ങളുയർന്നുകൊണ്ടിരിക്കും. ഈ അവസ്ഥയെ മേഘാവൃതമായ മാനമായി വർണിച്ചിരിക്കുകയാണെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്. കൂടുതൽ സ്വീകാര്യമായ വ്യാഖ്യാനം മുകളിൽ കൊടുത്തതാണ്. മാനത്തിന്റെ മേഘാവരണവും കുട -ظلة- യും, കാർമേഘവും കല്ലും മണ്ണും പറത്തിയെറിയുന്ന കൊടുങ്കാറ്റുമാണെന്ന് കരുതുന്നതാണ് കൂടുതൽ യുക്തം. ആദ് വർഗത്തിന്റെ ഉന്മൂലനാശം പരാമർശിച്ചുകൊണ്ട് 46:24-ൽ അത്തരം കാറ്റിനെയും മേഘത്തെയും കുറിച്ചു പറയുന്നുണ്ട്: فَلَمَّا رَأَوْهُ عَارِضًا مُّسْتَقْبِلَ أَوْدِيَتِهِمْ قَالُوا هَٰذَا عَارِضٌ مُّمْطِرُنَا ۚ بَلْ هُوَ مَا اسْتَعْجَلْتُم بِهِ ۖ رِيحٌ فِيهَا عَذَابٌ أَلِيمٌ - 'ദൈവിക ശിക്ഷ സ്വന്തം സ്ഥലങ്ങളിലേക്കണയുന്നതു കണ്ടപ്പോൾ അവർ ഘോഷിച്ചു തുടങ്ങി: കാർമേഘമിതാ, നമുക്ക് മഴ പെയ്യാൻ. അല്ല, അതു നിങ്ങൾ തിരക്കു കൂട്ടിക്കൊണ്ടിരുന്ന ശിക്ഷയാണ്; കൊടുങ്കാറ്റ്. അതിൽ കൊടിയ ദുരിതമാണുള്ളത്." കൊടുംപിടിത്തം -بَطْشَةَ الْكُبْرَىٰ -ബദ്ർ സംഭവമാണെന്ന ചിലരുടെ അഭിപ്രായം ദുർബലമാകുന്നു. ബദ്ർ യുദ്ധത്തിലൂടെ ആരും ഉന്മൂലനം ചെയ്യപ്പെട്ടിട്ടില്ല. ബദ്ർ الْبَطْشَةَ الْكُبْرَىٰ ആണെങ്കിൽ അതിന് ശേഷമുണ്ടായ ഉഹുദ് മറ്റൊരു الْبَطْشَةَ الْكُبْرَىٰ ആണെന്നു പറയേണ്ടി വരും. അതാവട്ടെ സത്യവിശ്വാസികൾക്ക് പ്രതികൂലവും നിഷേധികൾക്ക് അനുകൂലവുമായിരുന്നു. പ്രവാചകൻ മക്കക്കാർക്കെതിരെ പ്രാർഥിച്ചുവെന്നും തന്മൂലമാണ് ക്ഷാമമുണ്ടായതെന്നും പറയുന്ന നിവേദനങ്ങൾ മൗലാനാ അമീൻ അഹ്സനിയെപ്പോലുള്ള പണ്ഡിതന്മാർ അംഗീകരിക്കുന്നില്ല. പ്രവാചകൻ സ്വജനത്തിനെതിരെ പ്രാർഥിച്ചിട്ടില്ല, പ്രാർഥിക്കയില്ല എന്നാണവരുടെ നിലപാട്.

ഖുറൈശികൾ ഉന്മൂലനാശത്തിന് വിധേയരാവുകയുണ്ടായില്ല. ക്ഷാമത്തിനുശേഷം ബദ്ർ, ഖൻദഖ് പോലുള്ള യുദ്ധങ്ങളിലെ പരാജയവും അവരിൽ കുറേശ്ശ പരിവർത്തനമുണ്ടാക്കി. ഒടുവിൽ മക്കാവിമോചനത്തോടുകൂടി അവരെല്ലാവരും മുസ്‌ലിംകളായിത്തീരുകയായിരുന്നു. ●

ന്നും കേണുകൊണ്ടിരിക്കും. കടലിൽ മുങ്ങിത്താഴുമ്പോൾ ഫറവോൻ അവ്വിധം വിലപിച്ചത് ഖുർആൻ ഉദ്ധരിക്കുന്നുണ്ട്: وَجَاوَزْنَا بِبَنِي إِسْرَائِيلَ الْبَحْرَ فَأَتْبَعَهُمْ فِرْعَوْنُ وَجُنُودُهُ بَغْيًا وَعَدْوًا ۖ حَتَّىٰ إِذَا أَدْرَكَهُ الْغَرَقُ قَالَ آمَنتُ أَنَّهُ لَا إِلَٰهَ إِلَّا الَّذِي آمَنَتْ بِهِ بَنُو إِسْرَائِيلَ وَأَنَا مِنَ الْمُسْلِمِينَ . آلْآنَ وَقَدْ عَصَيْتَ قَبْلُ وَكُنتَ مِنَ الْمُفْسِدِينَ -"ഇസ്രാഈൽ മക്കളെ നാം കടൽ കടത്തി. അപ്പോൾ ഫറവോനും പടയും അക്രമാസക്തിയാലും പകയാലും അവരെ പിന്തുടർന്നു. അങ്ങനെ ഫറവോൻ മുങ്ങിത്താഴ്ന്നപ്പോൾ വിലപിച്ചു: ഇസ്രാഈൽ മക്കൾ വിശ്വസിക്കുന്ന ദൈവമല്ലാതെ ദൈവമേതുമില്ലെന്നു ഞാനിതാ വിശ്വസിച്ചിരിക്കുന്നു. ഞാൻ ആ ദൈവത്തെ അനുസരിക്കുന്നവനുമാകുന്നു." അതിനുള്ള പ്രതികരണം ഇതായിരുന്നു: "ഇപ്പോൾ വിശ്വസിക്കുന്നുവെന്നോ? നേരത്തെ നീ ധിക്കരിക്കുകയായിരുന്നുവല്ലോ; നാശകാരിയുമായിരുന്നു" (10: 90,91). ഉന്മൂലന ശിക്ഷ വന്നെത്തിയ ശേഷമുള്ള പരിദേവനവും പശ്ചാത്താപവും നിഷ്ഫലമാണ്; ആസന്നമരണന്റെ പശ്ചാത്താപം പോലെ. അത്തരം ഉന്മൂലന ശിക്ഷയാണ് അല്ലാഹുവിന്റെ കൊടും പിടിത്തം. ഈ പിടിത്തത്തിന്റെ ഒരു രൂപമാണ് മാനം ധൂമാവൃതമാവുകയും മനുഷ്യർ ധൂമത്താൽ മൂടിപ്പോവുകയും ചെയ്യുന്ന ദിവസം. ലോകാവസാന നാളിൽ ഈ അവസ്ഥ ലോകം മുഴുവനുമുണ്ടാകും. സമ്പൂർണമായി നശിപ്പിക്കപ്പെടുന്ന സമൂഹത്തിന് ആ സമൂഹത്തിന്റെ പ്രദേശത്ത് മാത്രമായും ഉണ്ടാകും. ഐക്കാവാസികൾ ശിക്ഷിക്കപ്പെട്ടതിനെക്കുറിച്ച് ഖുർആൻ പറയുന്നു: فَكَذَّبُوهُ فَأَخَذَهُمْ عَذَابُ يَوْمِ الظُّلَّةِ ۚ إِنَّهُ كَانَ عَذَابَ يَوْمٍ عَظِيمٍ - "അവർ പ്രവാചകനെ തള്ളിപ്പറഞ്ഞു. അസത്യത്തിലും അധർമത്തിലും ശഠിച്ചു നിന്നപ്പോൾ മേഘക്കുടയുടെ നാളിന്റെ ശിക്ഷ അവരെ പിടികൂടി. അതൊരു ഭീകരമായ ശിക്ഷാദിനം തന്നെയായിരുന്നു" (26:189). കട്ടിയേറിയ മേഘങ്ങൾ വന്ന് അവരെ കുടപോലെ മൂടുകയും അവരെ പൂർണമായി നശിക്കുന്നതുവരെ അതങ്ങനെ നിൽക്കുകയും ചെയ്തുവെന്നാണ് ഇതിൽനിന്നു മനസ്സിലാകുന്നത്. ഈ പ്രതിഭാസത്തെ തന്നെയാണ് ഇവിടെ 'ആകാശം മേഘാവൃതമായി വന്ന് ജനങ്ങളെ മൂടുന്ന ദിനം' എന്നു പറഞ്ഞത്. മാനം മേഘാവൃതമാകുന്ന ദിനവും -يَوْمَ تَأْتِي السَّمَاءُ بِدُخَانٍ- കുടദിനവും -يوم الظلة -നെയും പരസ്പരം വിശദീകരിക്കുകയാണ്.

**ഉന്മൂലന ശിക്ഷ വന്നെത്തിയ ശേഷമുള്ള പരിദേവനവും പശ്ചാത്താപവും നിഷ്ഫലമാണ്; ആസന്നമരണന്റെ പശ്ചാത്താപം പോലെ. അത്തരം ഉന്മൂലന ശിക്ഷയാണ് അല്ലാഹുവിന്റെ കൊടും പിടിത്തം. ഈ പിടിത്തത്തിന്റെ ഒരു രൂപമാണ് മാനം ധൂമാവൃതമാവുകയും മനുഷ്യർ ധൂമത്താൽ മൂടിപ്പോവുകയും ചെയ്യുന്ന ദിവസം.**